# സമഗ്ര ശിക്ഷ, കേരളം

**912**

## പ്രഥവാർഷിക മൂല്യനിർണയം 2018 – 19

### അടിസ്ഥാനപാഠാവലി

സ്റ്റാൻഡേർഡ് IX

സമയം : 1½ മണിക്കൂർ
ആകെ സ്കോർ : 40

---

- ആദ്യത്തെ 15 മിനിറ്റ് ആശ്വാസസമയമാണ്.ചോദ്യങ്ങൾ വായിച്ച് ഉത്തരങ്ങൾ മനസ്സിൽ ക്രമീകരിക്കുന്നതിന് ഈ സമയം പ്രയോജനപ്പെടുത്തണം.
- നിർദ്ദേശങ്ങൾ ശ്രദ്ധയോടെ വായിച്ചുമനസ്സിലാക്കി ഉത്തരമെഴുതുക
- ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം.

---

**1 മുതൽ 4 വരെ ചോദ്യങ്ങൾക്ക് ഏറ്റവും ഉചിതമായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.** (1 x 4 = 4)

1. " ആദ്യത്തെ മൊട്ടിന്നു ചുണ്ടുചോന്നി,ല്ലവ
ന്നായിരം പൂക്കൾ വിരിഞ്ഞിതുള്ളിൽ" - വരികളിലെ ഭാവം ?
   - കൗതുകം
   - ജിജ്ഞാസ
   - ഉത്കണ്ഠ
   - ആഹ്ലാദം

2. "രണ്ടു കരങ്ങളൊരായിരം
ധീരഹസ്തങ്ങളായ് മാറി,നിൻ നിർജീവ-
വാരിയെക്കോരിക്കഴുകിയെടുത്തു പോൽ!" - വരികളുടെ ആശയത്തോട് യോജിക്കുന്ന പഴഞ്ചൊല്ല്?
   - ഒത്തുപിടിച്ചാൽ മലയും പോരും
   - പയ്യെത്തിന്നാൽ പനയും തിന്നാം
   - പലരും കൂടിയാൽ പാമ്പു ചാകില്ല
   - നിലയ്ക്കുനിന്നാൽ മലയ്ക്കു സമം

3. ' ചുമരിലെ സമയകാലപ്പട്ടികയിൽ ഇന്നത്തെ ദിവസത്തിന് ചുവപ്പാണ്. '- ഈ വാക്യത്തെ മാറ്റിയെഴുതിയാൽ?
   - ചുമരിലെ കലണ്ടറിൽ അവധി ദിവസമാണ് ഇന്ന്.
   - ഇന്നത്തെ ദിവസം ആകെ കുഴപ്പം പിടിച്ചതാണ്.
   - ഇന്നത്തെ പുലരി കൂടുതൽ ചുവന്നിരിക്കുന്നു.
   - ചുമരിൽ സമയം അടയാളപ്പെടുത്തിയിരിക്കുന്നത് ചുവപ്പ് നിറത്തിലാണ്.

4. " ചെന്നെത്താൻ ഒരിടമില്ലാത്തവർക്കുമാത്രം സ്വായത്തമാവുന്ന ഒരു ലാഘവമാണ് സമുന്ദിരത്തിന്." -
ഇതിൽ നിന്ന് കഥാപാത്രത്തെക്കുറിച്ച് ലഭിക്കുന്ന സൂചനകൾക്ക് ഏറ്റവും യോജിച്ചത്?

- സമുന്ദിരത്തിന് കൂട്ടുകാരായി ആരുമില്ല
- കാട്ടിൽ വഴികാട്ടിയായി പോകാനാണ് സമുന്ദിരത്തിനിഷ്ടം
- സമുന്ദിരത്തിന് ഭാവിയെക്കുറിച്ച് ആശങ്കയില്ല.
- മഴയത്തു നടക്കുന്നതിനു സമുന്ദിരത്തിനു മടിയില്ല.

**5 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക.**
(2 x 4 = 8)

5. താഴെ കൊടുത്തിരിക്കുന്ന പദങ്ങൾ വിഗ്രഹിച്ചെഴുതുക.
- ദൃഢപേശികൾ
- കാട്ടുവഴി

6. " ഇവിടെ നിന്നൊരു പതിനെട്ടു കിലോമീറ്റർ ദൂരെ ആ കോൾ പാടത്തിന്റെ വടക്കുമാറി ഒരു പ്ലോട്ട് കിടപ്പുണ്ട്. ബ്രോക്കറില്ലാത്ത കച്ചവടമാ." - ഈ സ്ഥലം അരവിന്ദാക്ഷന് അനുയോജ്യമാണെന്നു രാജൻപിള്ള തീരുമാനിക്കുന്നതിലെ യുക്തി വ്യക്തമാക്കുന്ന രണ്ട് സൂചനകൾ എഴുതുക.

7. " പുഞ്ചിരി പെയ്തുപെയ്തഞ്ചിതമാടിടും
പിഞ്ചലരിൽ തുടുപ്പുങ്കവിളിൽ...."
-വരികളിലെ കാവ്യഭംഗി കണ്ടെത്തുക.

8. ഭാഷാപരമായ ന്യൂനതകൾ പരിഹരിച്ച് ശുദ്ധവാക്യമാക്കുക.
ചെമ്പകത്തെ രാജൻപിള്ളയുടെ കണ്ണിൽപ്പെടാതെ വീട്ടിലെത്തുന്നതിനു വേണ്ടി നഗരത്തിൽ കുറേ ദീർഘനേരം ചുറ്റിക്കറങ്ങി ചെലവഴിച്ചശേഷമാണ് ഞാൻ ഫ്ളാറ്റിലെത്തിയത്.

9. " നോക്കെടീ , ഇല വരുന്നതു കണ്ടോ? നമ്മുടെ സ്വന്തം പറമ്പില് ഇവനെ ഞാനൊരിക്കൽ കുഴിച്ചുവെക്കും. നീയും മക്കളും വെള്ളം കോരും. ഇവൻ വലുതാകും "-സന്ദർഭം ഏതെന്നു വ്യക്തമാക്കി ഈ ചെടിയുടെ വരവ് കുടുംബത്തിലുണ്ടാക്കിയ മാറ്റത്തെക്കുറിച്ച് ഒരു സൂചനയെഴുതുക.

**10 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക.**
**(അരപ്പുറം)** (4 x 4 = 16)

10. • " ആ കാട്ടുമൂലയ്ക്ക് ഏറ്റവും അനുരൂപനായ ഒറ്റ മനുഷ്യനെ മാത്രമേ ഞങ്ങളവിടെ കണ്ടുള്ളു."
• " അങ്ങനെ വിശ്രമിക്കുമ്പോൾ കാടിന്റെ സാരമത്രയും സംഗ്രഹിതമായൊരു ദൃശ്യം ഓർമ്മിച്ചു. ഒറ്റയ്ക്കുപുറത്തുനിൽക്കുന്നൊരു വാകമരം."
- ' ഒറ്റയ്ക്കു നിൽക്കുന്ന വാകമരമാണ് ഇടമലക്കുടിയിലെ സമുന്ദിരവും'
- ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ പ്രതികരണമെന്ത്?

11. ' ഈ ഭൂമിയെ സംരക്ഷിച്ച പല ആവാസങ്ങളെ ഓർത്തു കിടക്കുകയായിരുന്നു ഞാൻ. ഇന്ത്യക്കാരും ബ്രിട്ടീഷുകാരും അതിലൊരിടത്തുമുണ്ടായിരുന്നില്ല; ഭൗമോപരിതലത്തിലെ മഹാ ജീവജാലങ്ങൾ മാത്രം.'

ഹരിതമോഹനം - സുസ്മേഷ് ചന്ത്രോത്ത്

"ദൈവം തമ്പുരാൻ സൃഷ്ടിയുടെ ദിവ്യമുഹൂർത്തത്തിൽ കൽപ്പിച്ചു കൊടുത്ത പുരാതന പുരാതനമായ അവകാശം , ഓർക്കുക ജീവികളായ സർവ ജീവികളും ഭൂമിയുടെ അവകാശികൾ."

**ഭൂമിയുടെ അവകാശികൾ -ബഷീർ**

പ്രകൃതിയെക്കുറിച്ചുള്ള കഥാകൃത്തുക്കളുടെ വീക്ഷണം താരതമ്യം ചെയ്തു കുറിപ്പു തയാറാക്കുക.

12. ' തന്റെ കാവ്യരചനയിൽ കൗതുകം പൂണ്ടുനിൽക്കുന്ന കുട്ടിയെയാണ് 'ആദ്യം കാണുന്നതെങ്കിൽ തിരിച്ചറിവു നേടി പക്വതവന്ന കവിയെയാണ് അവസാനഭാഗത്ത് കാണുന്നത്. '-നാലിതൾപ്പൂവ് എന്ന കവിതയെ അടിസ്ഥാനമാക്കിയുള്ള ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുവോ? ലഘുകുറിപ്പ് തയാറാക്കുക.

13. •"നിങ്ങളുടെ ചിരിയെനിക്കു കാണേണ്ട മിസ്റ്റർ. കംപ്ലയിന്റ് കിട്ടിയിട്ടുണ്ട്. മാര്യമാ മുന്നിൽ വച്ച് ഞാനതു വായിക്കണോ"?

•"കൊറെ മരങ്ങളൊക്കെ നിൽക്കുന്ന സ്ഥലമാ. വെറുതല്ല, ആ മരങ്ങളൊക്കെ സംരക്ഷിക്കപ്പെടണമെന്നാ അതിന്റെ ഉടമസ്ഥർക്ക് ".

- സംഭാഷണഭാഗങ്ങൾ വിലയിരുത്തി രാജൻപിള്ള എന്ന കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ കണ്ടെത്തി കുറിപ്പു തയാറാക്കുക.

14. • 'ഓടിറമ്പിലൂടെയുള്ള മഴയൊഴുക്കിന്റെ നേരത്ത് മഴയുടെ വെള്ളി നൂലുകൾ വീടിനു ചുറ്റും തോരണം തൂക്കുന്നതു പോലെ തോന്നും.'

നനയാത്തമഴ - പ്രിയ.എ.എസ്

•'ഇടമലക്കുടിയിൽ നിന്ന് കാട്ടിലേക്കു കടന്ന രണ്ടാം ദിവസം കഠിനമായ മഴ പിടിച്ചു. കാട്ടിലെ മഴ എന്തു മാത്രം ഭീതിദമെന്ന് അനുഭവിച്ചറിയേണ്ടതുണ്ട്, നാം നാഗരികർക്ക്. ആ ദിവസങ്ങളിൽ രാജമലയിൽ നിന്ന് ഇടമലക്കുടിയിലേക്ക് ഗതാഗതം തന്നെയുണ്ടായില്ല.'

ഒറ്റയ്ക്കുപൂത്തൊരുവാക- ആഷാമേനോൻ

ഇരുവരുടെയും മഴയനുഭവം താരതമ്യപ്പെടുത്തി കുറിപ്പു തയാറാക്കുക.

**15 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.**
**(ഒരുപുറം)** (6 x 2 = 12)

15. " ലോകം ഒരു പുസ്തകമാണ് , ഒരിക്കലും യാത്രചെയ്യാത്തവൻ അതിൽ ഒരുപുറം മാത്രമേ വായിക്കുന്നുള്ളു." സെയ്ന്റ് അഗസ്റ്റിൻ

" ഏതൊരാളാണോ യാത്ര ചെയ്യാതിരിക്കുന്നത് അയാൾ മനുഷ്യന്റെ വിലയറിയുന്നില്ല" - സ്പാനിഷ് പഴമൊഴി

- ഈ വാക്യങ്ങളുടെ വെളിച്ചത്തിൽ 'ഒറ്റയ്ക്കു പൂത്തൊരു വാക' എന്ന യാത്രാവിവരണത്തിന് നിരൂപണക്കുറിപ്പ് തയാറാക്കുക

16. “എവിടെയാ അച്ഛന് ഫോണിൽ സൂക്ഷിച്ചിരിക്കുന്നത് ? ”
“ഷൈനാന്റിയാണോ അച്ഛന്റ് ഫ്രണ്ട് അന്ന് ? ”
“അപ്പുണ്ണനെയാ ആന്റിയൊക്കെ പിക് ചെയ്തത് ?”

- 'ഹർഷമോഹനം' എന്ന കഥയിലെ കുട്ടികളുടെ സംഭാഷണമാണിത്. ഇതിന്റെ അടിസ്ഥാനത്തിൽ 'മാതൃഭാഷയിൽ നിന്നകലുന്ന പുതുതലമുറ' എന്ന വിഷയത്തിൽ മുഖപ്രസംഗം (എഡിറ്റോറിയൽ) തയ്യാറാക്കുക.

17. കാവ്യസവിശേഷതകൾ വ്യക്തമാക്കി ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

മിനുക്കം

" ഞാനതിനെ* പുതുകൈയ്യെടുത്തൊരു
ഖാലിക്കുപ്പിയിലിട്ടു രഹസ്യമായ്
ശ്വാസം മുട്ടാതിരിക്കുവാൻ മൂടിയിൽ
ദ്വാരമിട്ടു കൂർത്ത കോമ്പസ്സിനാൽ
കുപ്പിക്കുള്ളിൽ കുടുങ്ങിയപ്പോളവൻ
കൂട്ടിലിട്ട മെരുകിനെ*പ്പോലെയായ്
എന്റെ മോഹമറിഞ്ഞതു മാതിരി
മിന്നിമിന്നിത്തിളങ്ങി തുരുതുരെ

* * * *

വിട്ടയയ്ക്കുകയില്ല ഞാൻ-നാളെയെൻ
കൂട്ടരെയൊന്നു കാട്ടി ഞെട്ടിക്കണം
മൂടിയിൽ ടോർച്ച് മിന്നിത്തെളിയുന്ന
പേനകാട്ടിക്കൊതിപ്പിച്ചതാണവർ

* * * *

"മൂടി തെല്ലുതുറന്നു കൊടുത്തു ഞാൻ
ശ്വാസമുള്ളിലേക്കൊന്നൂതിവിട്ടു ഞാൻ
കുപ്പിയൊന്ന് കുലുക്കിക്കമിഴ്ത്തവേ
ചത്തുപോയെന്നറിഞ്ഞു നടുങ്ങി ഞാൻ.
"ഞങ്ങടെ ഒരു ചങ്ങാതി ഈ വഴി
വന്നിരുന്നു - നീ കണ്ടുവോ കണ്ടുവോ "
എന്ന ചോദ്യപ്പൊരിയുമായ് മാത്രകൾ
ഈയ്യിരുട്ടിലേക്കെത്തലുണ്ടിപ്പൊഴും
കണ്ടില്ലെന്നേ പറഞ്ഞു ഞാനെപ്പൊഴും
കണ്ണുനീരിൽ തിളക്കമാണെപ്പൊഴും..........

- മോഹനകൃഷ്ണൻ കാലടി

* മിന്നാമിനുങ്ങിനെ.
* മെരുക് - ഒരിനം ചെറുമൃഗം